**പതിനഞ്ചാം കേരള നിയമസഭ**

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

**(2023-26)**

**പതിനെട്ടാമത് റിപ്പോർട്ട്**

**(2026 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**(സാംസ്കാരികകാര്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ റിപ്പോർട്ടുകളും വകുപ്പിൽനിന്ന് പുറപ്പെടുവിച്ച എസ്.ആർ.ഒ./വിജ്ഞാപനങ്ങളും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയത് സംബന്ധിച്ച റിപ്പോർട്ട്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2026

**പതിനഞ്ചാം കേരള നിയമസഭ**

**മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി**
**(2023-26)**

**പതിനെട്ടാമത് റിപ്പോർട്ട്**

(2026 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(സാംസ്കാരികകാര്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ റിപ്പോർട്ടുകളും വകുപ്പിൽനിന്ന് പുറപ്പെടുവിച്ച എസ്.ആർ.ഒ./വിജ്ഞാപനങ്ങളും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയത് സംബന്ധിച്ച റിപ്പോർട്ട്)**

# ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | .. V |
| മുഖവുര | .. VII |
| ആമുഖം | .. IX |
| റിപ്പോർട്ട് | .. 1-35 |
| അനുബന്ധം 1 | .. 36-40 |
| അനുബന്ധം 2 | .. 41-42 |

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

## (2023-26)

### സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ.

അംഗങ്ങൾ :

ശ്രീ. പി. അബ്ദുൽ ഹമീദ്, എം.എൽ.എ.

ശ്രീ. എൻ. കെ. അക്ബർ, എം.എൽ.എ.

ശ്രീ. എം. എസ്. അരുൺകുമാർ, എം.എൽ.എ.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. എം. നൗഷാദ്, എം.എൽ.എ.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

ശ്രീ. എം. വിജിൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി റീന വി. ആർ., ജോയിന്റ് സെക്രട്ടറി

ശ്രീ. സുരേശൻ സി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ശ്യാം കെ. എസ്., അണ്ടർ സെക്രട്ടറി

# മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി(2023-26)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2026 ഫെബ്രുവരി 23-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിച്ചു.

**ശ്രീ. പി. സി. വിഷ്ണുനാഥ്,**

തിരുവനന്തപുരം
24 ഫെബ്രുവരി 2026

*ചെയർപേഴ്സൺ,*
*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

## ആമുഖം

ഗവൺമെന്റ് വകുപ്പുകൾ കടലാസുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണോയെന്നും അവ വയ്ക്കുന്നതിന് അകാരണമായ കാലതാമസം ഉണ്ടായിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആ കാരണങ്ങൾ വസ്തുനിഷ്ഠമായി പരിശോധിക്കുന്നതിനുമായി 1995 ഏപ്രിൽ മാസം 28-ാം തീയതി കേരള നിയമസഭയുടെ മേശപ്പുറത്തു വച്ച കടലാസുകൾ സംബന്ധിച്ച സമിതി രൂപീകൃതമായി.

സർക്കാർ രേഖകൾ യഥാസമയം പുറപ്പെടുവിക്കുന്നുണ്ടോ, അവ പൊതുജനതാത്പര്യം നിറവേറ്റുവാൻ പര്യാപ്തമായ രീതിയിലാണോ തയ്യാറാക്കിയിട്ടുള്ളത്, തീരുമാനങ്ങളിൽ നിയമപരമായ പോരായ്മകളുണ്ടായിട്ടുണ്ടോ എന്നൊക്കെ അറിയുന്നതിന് അവ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. അതുകൊണ്ടാണ് സർക്കാർ പുറപ്പെടുവിക്കുന്ന റെഗുലേഷനുകൾ, വിജ്ഞാപനങ്ങൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവയും പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ തുടങ്ങിയവയും ചട്ടപ്രകാരം നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് അനുശാസിച്ചിട്ടുള്ളത്.

സ്ഥാപനങ്ങൾ യഥാസമയം റിപ്പോർട്ടുകളും കണക്കുകളും സമർപ്പിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ട ചുമതല ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്കാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെയും മറ്റു സ്ഥാപനങ്ങളുടെയും വാർഷിക റിപ്പോർട്ടുകളും കണക്കുകളും യഥാസമയം സഭയിൽ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ഭരണ വകുപ്പുദ്യോഗസ്ഥന്മാർ ശ്രദ്ധ പതിപ്പിച്ചാൽ കാര്യങ്ങൾ കൂടുതൽ മെച്ചപ്പെടും എന്നതിൽ തർക്കമില്ല. ഓഡിറ്റ് റിപ്പോർട്ടുകൾ കൃത്യമായാൽത്തന്നെ പല സ്ഥാപനങ്ങളുടേയും പ്രവർത്തനത്തിൽ വളരെയേറെ വ്യത്യാസം വരുത്തുവാൻ സാധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു.

## റിപ്പോർട്ട്

സംസ്ഥാനത്തിന്റെ സാംസ്കാരിക പാരമ്പര്യത്തിന് ഊന്നൽ നൽകിക്കൊണ്ട് എല്ലാ തരത്തിലുള്ള കലാ രൂപങ്ങളെയും സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് സാംസ്കാരികകാര്യ വകുപ്പിന്റെ പ്രധാന ചുമതല.

2) നൃത്തം, സംഗീതം, നാടകം, ചിത്രകല, ശില്പകല തുടങ്ങിയവയുടെ വികസനം, പുരാവസ്തുക്കൾ, ആർക്കൈവുകൾ, മ്യൂസിയങ്ങൾ, ലൈബ്രറികൾ എന്നിവയുടെ സംരക്ഷണം, കലാകാരന്മാർക്ക് പുരസ്കാരങ്ങളും പരിശീലനം നേടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും നൽകുക, അന്താരാഷ്ട്ര, അന്തർസംസ്ഥാന സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുക എന്നിവയാണ് സാംസ്കാരികകാര്യ വകുപ്പിന്റെ പ്രധാന പ്രവർത്തന മേഖലകൾ.

3) സാംസ്കാരികകാര്യ വകുപ്പിന് കീഴിലുള്ള ചില സ്ഥാപനങ്ങൾ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166(ബി) പ്രകാരമുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയതിന്റെയും 25.09.2019-ൽ സാംസ്കാരികകാര്യ വകുപ്പുമായി നടത്തിയ തെളിവെടുപ്പ് യോഗത്തിൽ കുടിശ്ശിക റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ ഉറപ്പ് പാലിക്കുന്നതിൽ വകുപ്പിന്റെ കീഴിലുള്ള ചില സ്ഥാപനങ്ങൾ വീഴ്ച് വരുത്തിയതിന്റെയും അടിസ്ഥാനത്തിൽ വീണ്ടുമൊരു തെളിവെടുപ്പ് യോഗം ചേരാൻ സമിതി നിർദ്ദേശിക്കുകയുണ്ടായി. അതിൻപ്രകാരം 2023 ഡിസംബർ 12-ാം തീയതി തെളിവെടുപ്പ് നടത്തുകയും കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

4) എന്നാൽ 2018, 2023 എന്നീ വർഷങ്ങളിൽ കമ്മിറ്റി തെളിവെടുപ്പ് നടത്തി കർശന നിർദ്ദേശം നൽകിയിട്ടും കേരള കലാമണ്ഡലത്തിന്റെ 11 വർഷത്തെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുകയോ സമിതി നിർദ്ദേശം പാലിക്കുകയോ

ചെയ്യാത്തതിനാൽ സഭയിൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതിന്റെ പ്രാധാന്യം സ്ഥാപനത്തെ നേരിട്ട് ബോധ്യപ്പെടുത്തുന്നതിനും റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കുന്നതിനുമായി കമ്മിറ്റി 09.12.2024-ന് കേരള കലാമണ്ഡലം സന്ദർശിച്ച് തെളിവെടുപ്പ് നടത്തുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത സന്ദർശന തെളിവെടുപ്പ് നടത്തി ആറ് മാസം ആയിട്ടും കുടിശ്ശിക റിപ്പോർട്ടുകൾ ലഭ്യമാക്കാതിരുന്നത് സഭയോടുള്ള അനാദരവായി കമ്മിറ്റി കാണുകയും റിപ്പോർട്ടുകൾ ലഭ്യമാക്കാതിരുന്നതിൽ വീഴ്ച്ച വരുത്തിയതിന്റെ കാരണം ആരായുന്നതിനുമായി 30.07.2025-ന് വീണ്ടും തെളിവെടുക്കുകയും ചെയ്തിരുന്നു. പ്രസ്തുത തെളിവെടുപ്പ് യോഗങ്ങളുടെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും കൈക്കൊണ്ട തീരുമാനങ്ങളും വകുപ്പിന് നൽകിയ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

5) സാംസ്കാരിക വകുപ്പിന് കീഴിൽ നിയമസഭയിൽ റിപ്പോർട്ട് സമർപ്പിക്കാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

1. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്
2. വാസ്തുവിദ്യാ ഗുരുകുലം
3. ഗുരുഗോപിനാഥ് നടനഗ്രാമം
4. കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്
5. കേരള സാഹിത്യ അക്കാദമി
6. കേരള ലളിതകലാ അക്കാദമി
7. പൈതൃക പഠന കേന്ദ്രം
8. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി
9. ഉണ്ണായിവാര്യർ സ്മാരക കലാനിലയം
10. മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി
11. ഭാരത് ഭവൻ

12. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
13. കേരള സംഗീത നാടക അക്കാദമി
14. കേരള ഫോക്‌ലോർ അക്കാദമി
15. മാർഗി
16. കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ
17. കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല
18. കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ, തിരുവനന്തപുരം.
19. ജവഹർ ബാലഭവൻ, കൊല്ലം
20. ജവഹർ ബാലഭവൻ, കോട്ടയം
21. ജവഹർ ബാലഭവൻ, ആലപ്പുഴ
22. ജവഹർ ബാലഭവൻ, തൃശ്ശൂർ
23. കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്
24. കേരള സ്റ്റേറ്റ് ബുക്ക്മാർക്ക്
25. മലയാളം മിഷൻ
26. വൈലോപ്പിള്ളി സംസ്കൃതി ഭവൻ (വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം)
27. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
28. ശ്രീ നാരായണ ഇന്റർനാഷണൽ സ്റ്റഡി ആൻഡ് പിൽഗ്രിം സെന്റർ

6) നിയമസഭയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ 12.12.2023-ാം തീയതി വരെയുള്ള റിപ്പോർട്ട് സമർപ്പണം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | **അവസാനം സഭയിൽ സമർപ്പിച്ച റിപ്പോർട്ട്** (12.12.2023-ാം തീയതി വരെ) | **കുടിശ്ശിക റിപ്പോർട്ടുകൾ** (തെളിവെടുപ്പ് തീയതി വരെ) |
|---|---|---|---|
| 1 | കേരള സംസ്ഥാന ചലച്ചിത്ര വികസന | 2017-18-ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും 09.08.2023-ന് | 4 വർഷത്തെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ |

| | | | |
|---|---|---|---|
| | കോർപ്പറേഷൻ ലിമിറ്റഡ് | സഭയിൽ സമർപ്പിച്ചു. | കുടിശ്ശികയാണ്. (2018-19 മുതൽ 2021-22 വരെ) |
| 2 | വാസ്തുവിദ്യാ ഗുരുകുലം | 2017-18-ലെ ഭരണ റിപ്പോർട്ട് 12.02.2020-ന് സഭയിൽ സമർപ്പിച്ചു. | 4 വർഷത്തെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശികയാണ്. (2018-19 മുതൽ 2021-22 വരെ) |
| 3 | ഗുരുഗോപിനാഥ് നടനഗ്രാമം | 2011-12-ലെ വാർഷിക റിപ്പോർട്ട് 07.01.2014-ന് സഭയിൽ സമർപ്പിച്ചു. | 10 വർഷത്തെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശികയാണ്. (2012-13 മുതൽ 2021-22 വരെ) |
| 4 | കേരള സംസ്ഥാന സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് | 2021-22-ലെ വാർഷിക റിപ്പോർട്ട് 06.12.2022-ന് സഭയിൽ സമർപ്പിച്ചു. | ചട്ടപ്രകാരം വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടുമാണ് ലഭ്യമാക്കേണ്ടത്. ഓഡിറ്റ് റിപ്പോർട്ടുകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല |
| 5 | കേരള സാഹിത്യ അക്കാദമി | 2019-20-ലെ വാർഷിക റിപ്പോർട്ട് 23.02.2022-ന് സഭയിൽ സമർപ്പിച്ചു. | സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടുകളും3 വർഷത്തെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകളും കുടിശ്ശികയാണ്. (2014-15, 2020-21, 2021-22) |
| 6 | കേരള ലളിതകലാ അക്കാദമി | 2018-19-ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും 23.02.2022-ന് സഭയിൽ സമർപ്പിച്ചു. | 3 വർഷത്തെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശികയാണ്. (2019-20 മുതൽ 2021-22 വരെ) |
| 7 | പൈതൃക പഠന കേന്ദ്രം | 2018-19-ലെ വാർഷിക റിപ്പോർട്ട് 05.10.2021-ന് സഭയിൽ സമർപ്പിച്ചു. | 3 വർഷത്തെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശികയാണ്. (2017-18, 2019-20 മുതൽ 2021-22 വരെ) |
| 8 | കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി | 2021-22-ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും 06.12.2022-ന് സഭയിൽ സമർപ്പിച്ചു. | 1 വർഷത്തെ റിപ്പോർട്ട് കുടിശ്ശികയാണ്. (2010-11) |
| 9 | ഉണ്ണായിവാര്യർ സ്മാരക കലാനിലയം | 2021-22-ലെ വാർഷിക റിപ്പോർട്ട് 01.02.2023-ന് സഭയിൽ സമർപ്പിച്ചു. | 1 വർഷത്തെ വാർഷിക റിപ്പോർട്ട് കുടിശ്ശികയാണ്. |

| | | | |
|---|---|---|---|
| | | | (2016-17). ഓഡിറ്റ് റിപ്പോർട്ടുകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. |
| 10 | മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി | 2019-20-ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും 23.02.2022-ന് സഭയിൽ സമർപ്പിച്ചു. | 2 വർഷത്തെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശികയാണ്. (2020-21, 2021-22) |
| 11 | ഭാരത് ഭവൻ | 2020-21-ലെ വാർഷിക റിപ്പോർട്ട് 31.01.2024-ന് സഭയിൽ സമർപ്പിച്ചു. | 1 വർഷത്തെ വാർഷിക റിപ്പോർട്ട് കുടിശ്ശികയാണ്. (2021-22). ഓഡിറ്റ് റിപ്പോർട്ടുകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. |
| 12 | കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് | 2021-22-ലെ വാർഷിക റിപ്പോർട്ട് 06.12.2022-ന് സഭയിൽ സമർപ്പിച്ചു | 9 വർഷത്തെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശികയാണ്. (2012-13 മുതൽ 2020-21 വരെ) |
| 13 | കേരള സംഗീത നാടക അക്കാദമി | 2021-22-ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും 01.02.2023-ന് സഭയിൽ സമർപ്പിച്ചു. | 2 വർഷത്തെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശികയാണ്. (2019-20, 2020-21) |
| 14 | കേരള ഫോക്‌ലോർ അക്കാദമി | 2022-23-ലെ വാർഷിക റിപ്പോർട്ട് 09.08.2023-ന് സഭയിൽ സമർപ്പിച്ചു. | 1 വർഷത്തെ റിപ്പോർട്ട് കുടിശ്ശികയാണ്. (2021-22). ഓഡിറ്റ് റിപ്പോർട്ടുകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. |
| 15 | മാർഗി | 2018-19-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് 24.08.2020-ന് സഭയിൽ സമർപ്പിച്ചു. | 3 വർഷത്തെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശികയാണ്. (2019-2020 മുതൽ 2021-22 വരെ) |
| 16 | കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ | 2017-18-ലെ വാർഷിക റിപ്പോർട്ട് 30.11.2018-ന് സഭയിൽ സമർപ്പിച്ചു | 4 വർഷത്തെ റിപ്പോർട്ടുകൾ കുടിശ്ശികയാണ്. (2018-2019 മുതൽ 2021-22 വരെ)<br>ഓഡിറ്റ് റിപ്പോർട്ടുകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. |
| 17 | കേരള കലാമണ്ഡലം | 2012-13-ലെ വാർഷിക റിപ്പോർട്ട് | 9 വർഷത്തെ റിപ്പോർട്ടുകൾ |

| | | | |
|---|---|---|---|
| | കല്പിത സർവ്വകലാശാല | 11.03.2015-ന് സഭയിൽ സമർപ്പിച്ചു | കുടിശ്ശികയാണ്. (2013-14 മുതൽ 2021-22 വരെ) |
| 18 | ജവഹർ ബാലഭവൻ, ആലപ്പുഴ | 2022-23 ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും 09.08.2023-ന് സഭയിൽ സമർപ്പിച്ചു | ഓഡിറ്റ് റിപ്പോർട്ടുകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. |
| 19 | വൈലോപ്പിള്ളി സംസ്കൃതി ഭവൻ | 2022-23-ലെ വാർഷിക റിപ്പോർട്ട് 31.01.2024-ന് സഭയിൽ സമർപ്പിച്ചു | കുടിശ്ശികയില്ല |

**1. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.എഫ്.ഡി.സി.)**

7) മലയാളം സിനിമാമേഖലയുടെ വളർച്ചയ്ക്കും വികസനത്തിനും ആവശ്യമായ സഹായ സഹകരണങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ ആരംഭിച്ചതാണ് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ. സാംസ്കാരികകാര്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനമായ ഇതിന്റെ പ്രവർത്തനം 1975 ജൂലൈ 23-ന് തിരുവനന്തപുരത്ത് വഴുതയ്ക്കാട് ആരംഭിച്ചു. കേരള സർക്കാരിന്റെ ഔദ്യോഗിക ഡോക്യുമെന്ററികളും വീഡിയോ പ്രോഗ്രാമുകളും നിർമ്മിക്കുന്ന ഏക ഏജൻസി പ്രസ്തുത സ്ഥാപനമാണ്. സ്ഥാപനം കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതിനാൽ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കേണ്ടതുണ്ട്.

8) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ 2018-19 മുതൽ 2021-22 വരെയുള്ള നാല് വർഷത്തെ കുടിശ്ശിക റിപ്പോർട്ടുകൾ സമർപ്പിക്കാത്തതിനുള്ള കാരണം തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് സ്ഥാപനത്തിന്റെ 2018-19 മുതൽ 2021-22 വരെയുള്ള നാല് വർഷത്തെ റിപ്പോർട്ടുകളാണ് കുടിശ്ശികയുള്ളതെന്നും സ്ഥാപനത്തിൽ സി&എ.ജി.യുടെ ഓഡിറ്റ് നടക്കുകയാണെന്നും സഭയിൽ സമർപ്പിക്കേണ്ട റിപ്പോർട്ടുകൾ കുടിശ്ശികയാണെന്ന സമിതിയുടെ പരാമർശം സി&എ.ജി.യുടെ ഓഡിറ്റ് വിഭാഗത്തെയും അറിയിച്ചിട്ടുണ്ടെന്നും റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിൽ ഇനിയും കാലതാമസം

വരുത്തുകയാണെങ്കിൽ പ്രസ്തുത വിവരം കത്ത് മുഖാന്തരം അക്കൗണ്ടന്റ് ജനറലിനെ അറിയിച്ച് ഓഡിറ്റ് വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും സാംസ്കാരിക വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചിരുന്നു.

9) സമിതി നിർദ്ദേശപ്രകാരം 2018-19-ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും 17.09.2025-ന് സഭയിൽ സമർപ്പിച്ചെങ്കിലും 2019-20, 2020-21, 2021-22 എന്നീ വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. തെളിവെടുപ്പ് വേളയിലെ സമിതി നിർദ്ദേശം പാലിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സ്ഥാപനത്തിന്റെ 2019-20 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10) സ്ഥാപനത്തിന്റെ പുറംചട്ടയിൽ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും എന്നതിന് പകരം വാർഷിക റിപ്പോർട്ടും കണക്കുകളും എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളത് മൂലം സഭാ രേഖകളിൽ വാർഷിക റിപ്പോർട്ട് മാത്രം സമർപ്പിച്ചുവെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന വിവരം തെളിവെടുപ്പ് വേളയിൽ സമിതി ചൂണ്ടിക്കാട്ടിയതിന് ഇനി മുതൽ ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ പുറംചട്ടയിൽ രേഖപ്പെടുത്തൽ കൃത്യമാക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് സാംസ്കാരികകാര്യ സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകിയിരുന്നു.

11) കമ്പനീസ് ആക്റ്റ് പ്രകാരം സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കേണ്ടതിനാൽ ഇനി മുതൽ ലഭ്യമാക്കുന്ന വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ റിപ്പോർട്ടിന്റെ പുറം ചട്ടയിൽ **"വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും"** എന്ന് കൃത്യമായി രേഖപ്പെടുത്തി റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിന് വകുപ്പ് ബന്ധപ്പെട്ട സ്ഥാപന മേധാവിക്ക് കർശന നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2. <u>വാസ്തു വിദ്യാ ഗുരുകുലം</u>**

12) സാംസ്കാരികകാര്യ വകുപ്പിന് കീഴിൽ പത്തനംതിട്ട ജില്ലയിലെ ആറന്മുളയിൽ 1993 നവംബർ 17-ാം തീയതി 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ -ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന ഭാരതീയ വാസ്തുവിദ്യാ ചുമർച്ചിത്ര സംരക്ഷണ കേന്ദ്രമാണ് വാസ്തുവിദ്യാ കേന്ദ്രം. വാസ്തുവിദ്യ പഠിപ്പിക്കാനും പ്രയോഗിക്കാനും ഇന്ത്യയിൽ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ഏക സ്ഥാപനം വാസ്തു വിദ്യാ ഗുരുകുലം ആണ്. വാസ്തുവിദ്യയുടെ ആധാരഗ്രന്ഥങ്ങളെ അടിസ്ഥാനപ്പെടുത്തി യൂണിവേഴ്സിറ്റി അംഗീകൃത അക്കാദമിക് കോഴ്സുകൾ, കൺസൾട്ടൻസി വിഭാഗം, ചുമർചിത്രവിഭാഗം തുടങ്ങി വിവിധ വിഭാഗങ്ങളായാണ് സ്ഥാപനത്തിന്റെ പ്രവർത്തനം സംവിധാനം ചെയ്തിരിക്കുന്നത്. ചട്ടപ്രകാരം സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കേണ്ടതുണ്ട്.

13) സ്ഥാപനത്തിന്റെ 2018-19 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകളാണ് കുടിശ്ശികയായിട്ടുള്ളതെന്നും പ്രസ്തുത റിപ്പോർട്ടുകൾ കാലതാമസപത്രിക സഹിതം 04.12.2023-ന് ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും അംഗീകാരം ലഭിച്ചാലുടൻ റിപ്പോർട്ടുകൾ കുടിശ്ശിക തീർത്ത് സമർപ്പിക്കുന്നതാണെന്നും തെളിവെടുപ്പ് വേളയിൽ സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചിരുന്നു.

14) തെളിവെടുപ്പ് യോഗത്തിൽ സമിതിയ്ക്ക് നൽകിയ ഉറപ്പ് പ്രകാരം 2018-19 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ 31.01.2024-നും 2022-23-ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും 04.03.2025-നും സഭയിൽ സമർപ്പിച്ചിട്ടുണ്ട്. <u>സ്ഥാപനത്തിന്റെ 2023-24, 2024-25 എന്നീ</u>

വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15) ഭരണ റിപ്പോർട്ടുകളാണ് വാസ്തുവിദ്യാ ഗുരുകുലം സമർപ്പിച്ചു കൊണ്ടിരിക്കുന്നതെന്നും ചട്ടം 166 ബി പ്രകാരം സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടുമാണ് സഭയിൽ സമർപ്പിക്കേണ്ടതെന്നും എന്നാൽ ഇപ്പോൾ ലഭ്യമാക്കിയിരിക്കുന്ന റിപ്പോർട്ടുകളിൽ പലതിലും വാർഷിക റിപ്പോർട്ടും കണക്കുകളും എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും തെളിവെടുപ്പ് വേളയിൽ സമിതി ചൂണ്ടിക്കാട്ടിയിരുന്നു.

16) ആയതിനാൽ ഇനി മുതൽ ലഭ്യമാക്കുന്ന വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ റിപ്പോർട്ടിന്റെ പുറം ചട്ടയിൽ "**വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും**" എന്ന് കൃത്യമായി രേഖപ്പെടുത്തി റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിന് വകുപ്പ് ബന്ധപ്പെട്ട സ്ഥാപന മേധാവിക്ക് കർശന നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(3) ഗുരുഗോപിനാഥ് നടനഗ്രാമം**

17) നൃത്താചാര്യൻ ഡോ. ഗുരുഗോപിനാഥിന്റെ സ്മരണ നിലനിറുത്തുവാൻ 1955 -ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ-ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്റ്റ് പ്രകാരം 1994-ൽ സംസ്ഥാന സർക്കാർ തിരുവനന്തപുരം ജില്ലയിലെ വട്ടിയൂർക്കാവിൽ ഗുരു ഗോപിനാഥ് നടനഗ്രാമം സ്ഥാപിച്ചു. ഗുരുവിന്റെ നൃത്തരംഗത്തെ സംഭാവനകളെ വിശിഷ്യ, അദ്ദേഹം ആവിഷ്കരിച്ച കേരളനടനത്തിന്റെ പ്രചാരവും പുരോഗതിയുമായിരുന്നു സ്ഥാപിത ലക്ഷ്യം. ചട്ടപ്രകാരം സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കേണ്ടതുണ്ട്.

18) സ്ഥാപനത്തിന്റെ 2012-13 മുതൽ 2021-22 വരെയുള്ള റിപ്പോർട്ടുകൾ കുടിശ്ശികയാണെന്നും 25.09.2019-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതിക്ക്

നൽകിയ ഉറപ്പ് പാലിക്കാത്തത് എന്തുകൊണ്ടാണെന്നും തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് 2012-13 മുതൽ 2021-22 വരെയുള്ള കുടിശ്ശിക റിപ്പോർട്ടുകളിൽ 2017-18 മുതൽ 2020-21 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളും 2021-22-ലെ വാർഷിക റിപ്പോർട്ടും വകുപ്പിന് ലഭിച്ചിട്ടുണ്ടെന്നും പരിശോധന പൂർത്തിയായാലുടൻ സമർപ്പിക്കുന്നതാണെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയ്ക്ക് ഉറപ്പ് നൽകിയിരുന്നു.

19) തെളിവെടുപ്പ് യോഗത്തിൽ സമിതിയ്ക്ക് നൽകിയ ഉറപ്പ് പ്രകാരം 2017-18 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ 15.02.2024-നും 2022-23-ലെ വാർഷിക റിപ്പോർട്ട് 11.06.2024-നും സഭയിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ 2012-13 മുതൽ 2016-17 വരെയുള്ള റിപ്പോർട്ടുകൾ നാളിതുവരെ ലഭ്യമാക്കാത്തത് ഗുരുതരമായ കൃത്യവിലോപമായി സമിതി വിലയിരുത്തുന്നു.

20) <u>നിർദ്ദിഷ്ട സമയത്തിനുള്ളിൽ ലഭ്യമാക്കാതെ വർഷങ്ങൾ കഴിഞ്ഞ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുമ്പോൾ അതിന്റെ പ്രസക്തി തന്നെ നഷ്ടപ്പെടുകയാണെന്നും അതിനാൽ റിപ്പോർട്ടുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ സഭയിൽ സമർപ്പിക്കുവാൻ ശ്രദ്ധിക്കണമെന്ന് നിർദ്ദേശിക്കുന്നതോടൊപ്പം സ്ഥാപനത്തിന്റെ 2012-13 മുതൽ 2016-17, 2024-25 എന്നീ വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകളും 2022-23-ലെ ഓഡിറ്റ് റിപ്പോർട്ടും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**(4) <u>കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്</u>**

21) വിജ്ഞാനം മാതൃഭാഷയിൽ കേരളീയർക്ക് ലഭ്യമാക്കുക, അനുദിനം ഉണ്ടാകുന്ന വൈജ്ഞാനിക-സാംസ്കാരിക മുന്നേറ്റങ്ങളെപ്പറ്റി ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടി രാഷ്ട്രീയ, സാംസ്കാരിക, സാമൂഹിക നായകരുടെ ദീർഘവീക്ഷണത്തോടുകൂടിയുള്ള ആസൂത്രണ ഫലമായി

1961-ൽ സ്ഥാപിതമായതാണ് സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്. 1961-ൽ സർക്കാരിന്റെ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ രൂപീകരിച്ച മലയാളം എൻസൈക്ലോപീഡിയ ഡിപ്പാർട്ട്മെന്റ്, ട്രാവൻകൂർ-കൊച്ചിൻ ലിറ്റററി സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് അനുസരിച്ച് 1976-ൽ "സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്" എന്ന പേരിൽ രജിസ്റ്റർ ചെയ്തു. ഈ സ്ഥാപനം ഇപ്പോൾ സാംസ്കാരികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു. ചട്ടപ്രകാരം സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കേണ്ടതുണ്ട്.

22) സ്ഥാപനത്തിന്റെ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ കുടിശ്ശികയില്ലെങ്കിലും ഓഡിറ്റ് റിപ്പോർട്ടുകൾ ലഭ്യമാക്കിയിട്ടില്ലെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ചൂണ്ടിക്കാട്ടിയതിന് സ്ഥാപനത്തിൽ നിന്നും ഓഡിറ്റ് റിപ്പോർട്ടുകൾ വകുപ്പിന് ലഭ്യമായിട്ടുണ്ടെന്നും ആയത് സഭയിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയ്ക്ക് ഉറപ്പ് നൽകിയിരുന്നു.

23) തെളിവെടുപ്പ് യോഗത്തിന് ശേഷം 2022-23-ലെ വാർഷിക റിപ്പോർട്ട് 31.01.2024-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും സ്ഥാപനത്തിന്റെ ഒരു വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പോലും നാളിതുവരെ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിട്ടില്ലായെന്നത് ഗുരുതരമായ കൃത്യവിലോപമായി സമിതി കണക്കാക്കുന്നു. <u>തെളിവെടുപ്പ് യോഗത്തിൽ നൽകിയ ഉറപ്പ് പ്രകാരമുള്ള സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടുകളും 2023-24, 2024-25 എന്നീ വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകളും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**(5) <u>കേരള സാഹിത്യ അക്കാദമി</u>**

24) മലയാളഭാഷയെയും അതിന്റെ സാഹിത്യ പൈതൃകത്തെയും സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും രൂപീകരിച്ച ഒരു സ്വയംഭരണ

സ്ഥാപനമാണ് കേരള സാഹിത്യ അക്കാദമി. 1956 ഒക്ടോബർ 15-ന് തിരു-കൊച്ചി സർക്കാർ തിരുവനന്തപുരത്ത് കനകക്കുന്ന് കൊട്ടാരത്തിൽ സ്ഥാപിച്ച കേരള സാഹിത്യ അക്കാദമി 1958-ൽ തൃശ്ശൂരിലേക്ക് മാറ്റി. മലയാളത്തിൽനിന്ന് മറ്റു ഭാഷകളിലേക്കും മറ്റു ഭാഷകളിൽ നിന്ന് മലയാളത്തിലേക്കും ഉത്കൃഷ്ട കൃതികൾ പരിഭാഷപ്പെടുത്തുക, മികച്ച സാഹിത്യ ഗ്രന്ഥങ്ങൾക്ക് പുരസ്കാരങ്ങൾ നൽകുക, യുവസാഹിത്യകാരന്മാർക്കും വിദ്യാർത്ഥികൾക്കുംവേണ്ടി സാഹിത്യപഠന ശില്പശാലകൾ നടത്തുക, ഭാഷയുടെയും സാഹിത്യത്തിന്റെയും സംസ്കാരത്തിന്റെയും മേഖലയിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുക, ജനങ്ങളിൽ സാഹിത്യാഭിരുചി വളർത്തുന്ന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക, പുസ്തകപ്രസിദ്ധീകരണത്തിന് സഹായം നൽകുക എന്നിവയാണ് അക്കാദമിയുടെ പ്രധാന പ്രവർത്തനങ്ങൾ.

25) 25.09.2019-ലെ തെളിവെടുപ്പ് യോഗത്തിൽ സ്ഥാപനത്തിന്റെ കുടിശ്ശികയായിട്ടുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചിട്ടും ആയത് നാളിതുവരെ ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് കേരള സാഹിത്യ അക്കാദമിയുടെ രണ്ട് വർഷത്തെ റിപ്പോർട്ടുകളാണ് കുടിശ്ശികയുള്ളതെന്നും പ്രസ്തുത റിപ്പോർട്ടുകൾ ഇപ്പോൾ വകുപ്പിന് ലഭിച്ചിട്ടുണ്ടെന്നും ആയത് സമിതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും സാംസ്കാരികകാര്യവകുപ്പ് സെക്രട്ടറി സമിതിയ്ക്ക് ഉറപ്പ് നൽകിയിരുന്നു. കേരള സാഹിത്യ അക്കാദമിയുടെ 2014-15 സാമ്പത്തിക വർഷത്തെ റിപ്പോർട്ട് ഇതുവരെയും ലഭ്യമാക്കിയിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാട്ടിയതിന് ആയത് പരിശോധിച്ച് മറുപടി നൽകാമെന്ന് സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി അറിയിച്ചിരുന്നു.

26) തെളിവെടുപ്പ് യോഗത്തിന് ശേഷം സ്ഥാപനത്തിന്റെ 2020-21, 2021-22 വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ 15.02.2024 തീയതിയായും 2022-23-ലെ വാർഷിക റിപ്പോർട്ട് 11.06.2024 തീയതിയായും സഭയിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും തെളിവെടുപ്പ് യോഗത്തിൽ നൽകിയ ഉറപ്പ് പ്രകാരമുള്ള ഓഡിറ്റ്

റിപ്പോർട്ടുകളും 2014-15-ലെ റിപ്പോർട്ടും സഭയിൽ സമർപ്പിക്കാൻ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

27) 2014-15, 2023-24, 2024-25 വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ സ്ഥാപനത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ട സമിതി, പ്രസ്തുത റിപ്പോർട്ടുകൾ നാളിതുവരെ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കാത്തതിനുള്ള കാരണവും തെളിവെടുപ്പ് യോഗത്തിൽ നൽകിയ ഉറപ്പ് പ്രകാരമുള്ള സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടുകളും 2014-15, 2023-24, 2024-25 എന്നീ വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകളും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

**(6) കേരള ലളിതകലാ അക്കാദമി**

28) ദൃശ്യകലകളെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ 1962-ൽ സ്ഥാപിതമായ കേരള ലളിതകലാ അക്കാദമി കേരള സർക്കാരിന്റെ കീഴിലുള്ള ഒരു സ്വയംഭരണ സാംസ്കാരിക സ്ഥാപനമാണ്. തൃശ്ശൂർ ചെമ്പുക്കാവിലാണ് അക്കാദമിയുടെ ആസ്ഥാനം. ചിത്രം, ശില്പം, വാസ്തുശില്പം, ഗ്രാഫിക്സ് മുതലായ കലകളുടെ പരിപോഷണത്തിനുവേണ്ടിയാണ് ഈ സ്ഥാപനം ആരംഭിച്ചത്.

29) കേരള ലളിതകലാ അക്കാദമിയുടെ 2019-20 മുതൽ 2022-23 വരെയുള്ള മൂന്ന് വർഷത്തെ റിപ്പോർട്ടുകൾ കുടിശ്ശികയാണെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ചൂണ്ടിക്കാട്ടിയതിന് സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും കാലതാമസപത്രിക സഹിതം 05.12.2023-ന് ബഹുമാനപ്പെട്ട മന്ത്രിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും ആയത് ലഭ്യമായാലുടൻ സമർപ്പിക്കുന്നതാണെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയ്ക്ക് ഉറപ്പ് നൽകിയിരുന്നു. സമിതി നിർദ്ദേശപ്രകാരം 2019-20 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ 15.02.2024-ന് സഭയിൽ സമർപ്പിച്ചെങ്കിലും

പ്രസ്തുത വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

30) ആയതിനാൽ സ്ഥാപനത്തിന്റെ 2019-20 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളും 2022-23 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകളും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(7) പൈതൃക പഠന കേന്ദ്രം (സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്)**

31) കേരള സർക്കാരിന്റെ സാംസ്കാരികകാര്യ വകുപ്പിനുകീഴിൽ ഒരു ഗ്രാൻഡ്-ഇൻ-എയ്ഡ് സ്ഥാപനമായാണ് പൈതൃക പഠനകേന്ദ്രം (സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്) പ്രവർത്തിക്കുന്നത്. നമ്മുടെ രാജ്യത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തെക്കുറിച്ചുള്ള അറിവ് ഒരു സമൂഹത്തിനൊട്ടാകെ പകർന്ന് നൽകുക എന്ന മഹത്തായ ആശയമാണ് ഈ കേന്ദ്രത്തെ മുന്നോട്ടു നയിക്കുന്നത്. 2000-ൽ തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയം തിരുവിതാംകൂർ-കൊച്ചി സാഹിത്യ-ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്റ്റ് പ്രകാരം സ്റ്റേറ്റ് ഇൻസ്റ്റിട്യൂട്ട് ഓഫ് ആർക്കിയോളജി, ആർട്ട് ഹിസ്റ്ററി, കൺസർവേഷൻ & മ്യൂസിയോളജി എന്ന പേരിൽ ഒരു ചാരിറ്റബിൾ സൊസൈറ്റിയായി പ്രവർത്തനമാരംഭിച്ചു. 15.03.2003-ലെ സ.ഉ.(എം.എസ്)നം.8/03/സിഎഡി പ്രകാരം ഇൻസ്റ്റിട്യൂട്ടിന്റെ പേര് സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ് (പൈതൃകപഠനകേന്ദ്രം) എന്ന് പുനർനാമകരണം ചെയ്യുകയുണ്ടായി. ചട്ട പ്രകാരം സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കേണ്ടതുണ്ട്.

32) സ്ഥാപനത്തിന്റെ നാല് വർഷത്തെ വാർഷിക റിപ്പോർട്ടുകൾ കുടിശ്ശികയാണെന്നും 2017-18 ലെ റിപ്പോർട്ട് സമർപ്പിക്കാതെയാണ് 2018-19-ലെ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നതെന്നും തെളിവെടുപ്പ് വേളയിൽ സമിതി ചൂണ്ടിക്കാട്ടിയതിന് 2019-20 മുതൽ 2021-22 വരെയുള്ള മൂന്ന് വർഷത്തെ കുടിശ്ശിക റിപ്പോർട്ടുകൾ 04.12.2023-ന് വകുപ്പിൽ സമർപ്പിച്ചിട്ടുണ്ടെന്നും 16.12.2023-ൽ ചേരുന്ന

ബോർഡ് മീറ്റിംഗിന്റെ അംഗീകാരം വാങ്ങിയതിനുശേഷം റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചിരുന്നു.

33) തെളിവെടുപ്പ് യോഗത്തിന് ശേഷം സ്ഥാപനത്തിന്റെ 2017-18, 2019-20, 2020-21, 2021-22 എന്നീ വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ 15.02.2024-നും 2022-23, 2023-24 വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ 17.09.2025-നും സഭയിൽ സമർപ്പിച്ചിട്ടുണ്ട്. <u>സ്ഥാപനത്തിന്റെ 2024-25-ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**(8) <u>കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി</u>**

34) കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണസ്ഥാപനമായ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി 1998-ലാണ് പ്രവർത്തനമാരംഭിക്കുന്നത്. ചലച്ചിത്ര ടെലിവിഷൻ മാധ്യമ സംബന്ധിയായ നയരൂപീകരണത്തിന് സംസ്ഥാന സർക്കാരിനെ സഹായിക്കുക, ഫിലിം ഫെസ്റ്റിവൽ ഡയറക്ടറേറ്റ് രൂപീകരിക്കുക, അന്തർദേശീയ, ദേശീയ ചലച്ചിത്രമേളകൾ സംഘടിപ്പിക്കുക, സംസ്ഥാന ചലച്ചിത്ര ടെലിവിഷൻ അവാർഡുകളുടെ നിർണ്ണയം, വിതരണം എന്നിവ ഉറപ്പാക്കുക, ചലച്ചിത്രാസ്വാദന കോഴ്സുകൾ സംഘടിപ്പിക്കുക, സിനിമാ സംബന്ധിയായ ഗവേഷണങ്ങൾക്കും മറ്റും സൗകര്യങ്ങൾ ഒരുക്കുക, സിനിമ, ടെലിവിഷൻ സംബന്ധമായ പുസ്തകങ്ങളും ജേർണലുകളും പ്രസിദ്ധീകരിക്കുക, കാലാകാലങ്ങളിൽ സർക്കാരിന്റെ സിനിമാ സംബന്ധിയായ നയങ്ങളും നിർദ്ദേശങ്ങളും നടപ്പിലാക്കുക എന്നിവയാണ് ചലച്ചിത്ര അക്കാദമിയുടെ പ്രധാന പ്രവർത്തനമേഖലകൾ.

35) സ്ഥാപനത്തിന്റെ 2010-11-ലെ റിപ്പോർട്ട് ലഭ്യമാക്കാത്തത് സംബന്ധിച്ച് തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് അക്കാര്യം പരിശോധിച്ച് റിപ്പോർട്ട്

അടിയന്തരമായി ലഭ്യമാക്കാമെന്ന് സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി ഉറപ്പ് നൽകിയിരുന്നു.

36) തെളിവെടുപ്പ് യോഗത്തിൽ സമിതിയ്ക്ക് നൽകിയ ഉറപ്പ് പ്രകാരം സ്ഥാപനത്തിന്റെ 2010-11-ലെ റിപ്പോർട്ട് 15.02.2024-നും 2022-23-ലെ വാർഷിക റിപ്പോർട്ട് 31.01.2024-നും സഭയിൽ സമർപ്പിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ 2022-23-ലെ ഓഡിറ്റ് റിപ്പോർട്ടും 2023-24, 2024-25 വർഷങ്ങളിലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

37) വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെടുത്താതെ പുറംചട്ടയിൽ മാത്രം വാർഷിക, ഓഡിറ്റ് റിപ്പോർട്ട് എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ട സമിതി വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ പുറം ചട്ടയിൽ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും എന്ന് രേഖപ്പെടുത്താവൂവെന്ന് കർശന നിർദേശം നൽകുന്നു.

**(9) ഉണ്ണായിവാര്യർ സ്മാരക കലാനിലയം**

38) നളചരിത കർത്താവായ ഉണ്ണായിവാര്യരുടെ സ്മരണാർത്ഥം ഇരിങ്ങാലക്കുടയിൽ 1955-ൽ സ്ഥാപിച്ച കഥകളി പഠനകേന്ദ്രമാണ് ഉണ്ണായി വാരിയർ സ്‌മാരക കലാനിലയം. കഥകളിയുടെ പ്രചാരണത്തിനും പ്രോത്സാഹനത്തിനുമായി തുടങ്ങിയ ഈ സ്ഥാപനത്തിൽ കഥകളി പരിശീലിപ്പിക്കുന്നതോടൊപ്പം ഡിഗ്രി തലത്തിലുള്ള കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്.

39) 25.09.2019-ലെ തെളിവെടുപ്പ് യോഗത്തിൽ നിർദ്ദേശം നൽകിയിട്ടും സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടുകൾ മാത്രമാണ് സഭയിൽ സമർപ്പിച്ചുകൊണ്ടിരിക്കുന്നതെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ചൂണ്ടിക്കാട്ടുകയും 2016-17-ലെ റിപ്പോർട്ടും കുടിശ്ശികയായ ഓഡിറ്റ് റിപ്പോർട്ടുകളും അടിയന്തരമായി ലഭ്യമാക്കണമെന്ന് വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

40) തെളിവെടുപ്പ് യോഗത്തിനുശേഷം 2022-23, 2023-24 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ യഥാക്രമം 31.01.2024, 23.01.2025 തീയതികളിലായി സഭയിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും സ്ഥാപനത്തിന്റെ 2016-17-ലെ വാർഷിക റിപ്പോർട്ടും കുടിശ്ശികയായ ഓഡിറ്റ് റിപ്പോർട്ടുകളും നാളിതുവരെ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിട്ടില്ലായെന്നത് ഗുരുതരമായ കൃത്യവിലോപമായി സമിതി കണക്കാക്കുന്നു. സ്ഥാപനത്തിന്റെ കുടിശ്ശികയായ ഓഡിറ്റ് റിപ്പോർട്ടുകളും 2016-17, 2024-25 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

41) വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ഇനി മുതൽ ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ പുറംചട്ടയിൽ വാർഷിക റിപ്പോർട്ട് എന്നതിന് പകരം "വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും" എന്ന് കൃത്യമായി രേഖപ്പെടുത്തി ലഭ്യമാക്കാൻ സ്ഥാപനത്തിന് കർശന നിർദ്ദേശം നൽകണമെന്നും ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ഓഡിറ്റ് റിപ്പോർട്ട് പ്രത്യേകം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**(10) മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി**

42) പരമ്പരാഗത മാപ്പിള കലകളെയും സംസ്കാരത്തെയും പ്രോത്സാഹിപ്പിക്കുന്നതിനായി മാപ്പിളപ്പാട്ട് വിഭാഗത്തിലെ പ്രശസ്ത കവിയായ മോയിൻകുട്ടി വൈദ്യരുടെ സ്മരണാർത്ഥം 2013 ഫെബ്രുവരി 9-ന് കൊണ്ടോട്ടിയിൽ മഹാകവി മോയീൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി ഉദ്ഘാടനം ചെയ്തു. സാംസ്കാരികകാര്യ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന അക്കാദമിയിൽ മാപ്പിള കലകളെ കുറിച്ചുള്ള പഠനങ്ങളും ഗവേഷണങ്ങളും നടത്തുന്നു.

43) സ്ഥാപനത്തിന്റെ 2020-21, 2021-22 എന്നീ വർഷങ്ങളിലെ റിപ്പോർട്ട് ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്ന് തെളിവെടുപ്പ് വേളയിൽ സമിതി

ആരാഞ്ഞതിന് പ്രസ്തുത വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടും വാർഷിക റിപ്പോർട്ടും സ്ഥാപനം ലഭ്യമാക്കിയിട്ടുണ്ടെന്നും ആയത് പരിശോധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ അംഗീകാരം ലഭിച്ചതിനുശേഷം സമിതിയ്ക്ക് സമർപ്പിക്കുന്നതാണെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി ഉറപ്പ് നൽകിയിരുന്നു.

44) തെളിവെടുപ്പ് യോഗത്തിൽ സമിതിയ്ക്ക് നൽകിയ ഉറപ്പ് പ്രകാരം സ്ഥാപനത്തിന്റെ 2020-21, 2021-22 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ 15.02.2024-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സ്ഥാപനത്തിന്റെ 2020-21, 2021-22 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളും 2022-23 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകളും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45) വാർഷിക റിപ്പോർട്ടിൽ വരവ് ചെലവ് കണക്കുകൾ മാത്രം ഉൾപ്പെടുത്തി റിപ്പോർട്ടിന്റെ പുറംചട്ടയിൽ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ട സമിതി, വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ ഉൾപ്പെടുത്തിയാൽ മാത്രമേ റിപ്പോർട്ടിന്റെ പുറംചട്ടയിൽ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും എന്ന് രേഖപ്പെടുത്താവൂവെന്ന് കർശന നിർദേശം നൽകുന്നു.

**(11) ഭാരത് ഭവൻ**

46) ഭാഷ, സംസ്കാരം, കല എന്നിവയുടെ ഉന്നമനത്തിന് നേതൃത്വം നൽകുക എന്ന ലക്ഷ്യത്തോടെ സാംസ്കാരികകാര്യ വകുപ്പിന് കീഴിൽ 1984-ൽ സ്ഥാപിതമായ ഒരു സാംസ്കാരിക സ്ഥാപനമാണ് ഭാരത് ഭവൻ. ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിൽ എത്തിയ വിവിധ ഭാഷാ ന്യൂനപക്ഷങ്ങളുടെ കലാക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, കേരളത്തിന്റെ സാംസ്കാരിക പൈതൃകം, കല, ചരിത്രം എന്നിവ മറ്റ് സംസ്ഥാനങ്ങൾക്ക് പരിചയപ്പെടുത്തുക, ഭാഷ,

പ്രാദേശികത, പാരമ്പര്യം എന്നിവയ്ക്ക് ഉപരിയായി സംസ്ഥാനങ്ങളെ തമ്മിൽ സാംസ്കാരികമായി കൂട്ടിയിണക്കി ദേശീയത കാത്തു സൂക്ഷിക്കുക എന്നിവയാണ് ഭാരത് ഭവന്റെ സ്ഥാപിത ലക്ഷ്യങ്ങൾ.

47) 21.01.2015-ൽ ലഭ്യമാക്കിയ ഭാരത് ഭവന്റെ 2013-14-ലെ വാർഷിക റിപ്പോർട്ടിന്മേലുമുള്ള കാലതാമസപത്രിക ഒരു മാസത്തിനകം ലഭ്യമാക്കുന്നതാണെന്ന് 25.09.2019-ലെ തെളിവെടുപ്പ് യോഗത്തിൽ ഉറപ്പ് നൽകിയിട്ടും ആയത് നാല് വർഷങ്ങൾക്ക് ശേഷവും ലഭ്യമാക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് 2013-14-ലെ വാർഷിക റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രിക 11.12.2023-ന് നിയമസഭാ സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ടെന്നും 2021-22-ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും കാലതാമസപത്രിക സഹിതം 04.12.2023-ന് ബഹുമാനപ്പെട്ട സാംസ്കാരികകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും ആയത് ലഭ്യമായാലുടൻ സമിതിയ്ക്ക് സമർപ്പിക്കുന്നതാണെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയ്ക്ക് ഉറപ്പ് നൽകിയിരുന്നു.

48) സ്ഥാപനത്തിന്റെ 2013-14, 2021-22 വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ കാലതാമസപത്രിക സഹിതം 15.02.2024-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. <u>സ്ഥാപനത്തിന്റെ 2022-23 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**12) <u>കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്</u>**

49) 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ-ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്റ്റ് അനുസരിച്ച് രജിസ്റ്റർ ചെയ്ത ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. കേരള

സർക്കാരിന്റെ സാംസ്കാരികകാര്യ വകുപ്പിന് കീഴിൽ 1981-ലാണ് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നത്. മലയാളത്തിലെ ബാലസാഹിത്യ രചനയെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാലസാഹിത്യ പുരസ്കാരങ്ങളും, എഴുത്തുകാർക്കും ചിത്രകാർക്കുമുള്ള പരിശീലനപരിപാടികളും നടത്തുന്നു. ഭാരതത്തിൽ കുട്ടികൾക്കായി പ്രസാധന രംഗത്ത് പ്രവർത്തിക്കുന്ന ഏക സർക്കാർ സ്ഥാപനം കൂടിയാണ് കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്.

50) സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2012-13 മുതലുള്ള 10 വർഷത്തെ കുടിശ്ശിക റിപ്പോർട്ടുകൾ ലഭ്യമാക്കാത്തതെന്തുകൊണ്ടാണെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് സ്ഥാപനത്തിന്റെ 2012-13 മുതലുള്ള മുഴുവൻ കുടിശ്ശിക റിപ്പോർട്ടുകളും നിലവിൽ വകുപ്പിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും ആയത് പരിശോധിച്ചുവരുന്നതായും 2021-22 സാമ്പത്തിക വർഷത്തെ റിപ്പോർട്ട് പരിശോധിച്ച് സമിതിക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചിരുന്നു.

51) പത്ത് വർഷത്തെ റിപ്പോർട്ടുകൾ കുടിശ്ശികയുണ്ടായിരുന്നുവെന്ന് പറയുന്നത് വളരെ ഗൗരവമുള്ള വിഷയമാണെന്ന് സമിതി അഭിപ്രായപ്പെട്ടതിന് റിപ്പോർട്ട് സമർപ്പിക്കുന്നതിൽ ഒരു വർഷത്തിൽ കൂടുതൽ കാലതാമസം വരുത്തരുതെന്ന് കാണിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഡി.ഒ. ലെറ്റർ നൽകുകയും കമ്പ്യൂട്ടർ അധിഷ്ഠിതമായി വിവരങ്ങൾ സൂക്ഷിക്കണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടെന്നും സാംസ്കാരികകാര്യ വകുപ്പിന് കീഴിൽ നിരവധി സ്ഥാപനങ്ങൾ ഉള്ളതുകൊണ്ട് എക്സൽ ഷീറ്റിൽ ഒരു ഫോർമാറ്റ് തയ്യാറാക്കി അത് റിവ്യൂ ചെയ്യുന്നതിന് സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചിരുന്നു. സഭയിൽ സമർപ്പിക്കേണ്ട റിപ്പോർട്ടുകൾ യഥാസമയം നൽകുന്നതിൽ വകുപ്പ് ഗുരുതരമായ വീഴ്ച വരുത്തിയിരിക്കുന്നതിനാൽ സ്ഥാപനമേധാവികളുടെ യോഗം വിളിച്ച് സമിതിയുടെ കൈപ്പുസ്തകം വകുപ്പിന്

കീഴിലുള്ള സ്ഥാപനങ്ങൾക്ക് നൽകി ആയതുപ്രകാരം റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകണമെന്ന് സമിതി ആവശ്യപ്പെടുകയും ആയതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് വകുപ്പ് സെക്രട്ടറി സമിതിയ്ക്ക് ഉറപ്പ് നൽകുകയും ചെയ്തിരുന്നു.

52) തെളിവെടുപ്പ് യോഗത്തിൽ സമിതിയ്ക്ക് നൽകിയ ഉറപ്പ് പ്രകാരം സ്ഥാപനത്തിന്റെ 2012-13 മുതൽ 2019-20 വരെയുള്ള വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകളും 2020-21-ലെ വാർഷിക റിപ്പോർട്ടും 15.02.2024-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും 2020-21, 2021-22 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സ്ഥാപനത്തിന്റെ 2020-21, 2021-22 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളും 2022-23 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകളും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### 13) കേരള സംഗീത നാടക അക്കാദമി

53) കേരളത്തിലെ നൃത്തരൂപങ്ങൾ, നാടകകല, സംഗീതരംഗം എന്നിവയുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ഒരു അക്കാദമിയാണ് കേരള സംഗീത നാടക അക്കാദമി. 1958 ഏപ്രിൽ 26-ന് രൂപീകൃതമായ കേരള സംഗീത നാടക അക്കാദമി തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്നു.

54) കേരള സംഗീത നാടക അക്കാദമിയുടെ 2019-20, 2020-21 വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ ലഭ്യമാക്കാതെയാണ് 2022-23-ലെ റിപ്പോർട്ട് ലഭ്യമാക്കിയതെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ചൂണ്ടികാട്ടിയതിന് സ്ഥാപനത്തിന്റെ 2019-20, 2020-21 വർഷങ്ങളിലെ വാർഷിക റിപ്പോർട്ട് 06.12.2023-ന് മന്ത്രിയുടെ അംഗീകാരത്തിനായി അയച്ചിട്ടുണ്ടെന്നും ആയത് ലഭ്യമായാലുടൻ സമിതിയ്ക്ക് സമർപ്പിക്കുന്നതാണെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി ഉറപ്പ്

നൽകിയിരുന്നു.

55) തെളിവെടുപ്പ് യോഗത്തിൽ സമിതിയ്ക്ക് നൽകിയ ഉറപ്പ് പ്രകാരം സ്ഥാപനത്തിന്റെ 2019-20, 2020-21 വർഷങ്ങളിലെ വാർഷിക റിപ്പോർട്ട് 15.02.2024-നും 2022-23-ലെ വാർഷിക റിപ്പോർട്ട് 31.01.2024-നും സഭയിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് റിപ്പോർട്ടുകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾ ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്നും സ്ഥാപനത്തിൽ എപ്രകാരമാണ് ഓഡിറ്റ് നടത്തുന്നതെന്നും ഏത് വർഷം വരെ ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ടെന്നുമുള്ള വിശദവിവരം അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ റിപ്പോർട്ടിന്റെ പുറംചട്ടയിൽ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും എന്ന് രേഖപ്പെടുത്താവൂവെന്നും സമിതി നിർദ്ദേശിക്കുന്നു.

56) സ്ഥാപനത്തിന്റെ 2023-24, 2024-25 എന്നീ വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകളും 2019-20, 2020-21 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**14) കേരള ഫോക്‌ലോർ അക്കാദമി**

57) നാടൻ കലകളെ സംരക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും വേണ്ടി സാംസ്കാരികകാര്യ വകുപ്പിന് കീഴിൽ 1995 ജൂൺ 28-ന് കണ്ണൂർ ആസ്ഥാനമായി സ്ഥാപിച്ച സ്വയംഭരണ സ്ഥാപനമാണ് കേരള ഫോക്‌ലോർ അക്കാദമി. നാടൻ കലകളെക്കുറിച്ചുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക, മാസികകൾ പ്രസിദ്ധപ്പെടുത്തുക, പഠനങ്ങൾ നടത്തുക, സെമിനാറുകളും പ്രഭാഷണങ്ങളും സംഘടിപ്പിക്കുക തുടങ്ങിയവയാണ് അക്കാദമിയുടെ പ്രധാന

ചുമതലകൾ.

58) കേരള ഫോക്‌ലോർ അക്കാദമിയുടെ 2011-12-ലെ വാർഷിക റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികയും 2012-13 മുതലുള്ള കുടിശ്ശിക റിപ്പോർട്ടുകളും ആവശ്യപ്പെട്ടുകൊണ്ട് 20.04.2013 മുതൽ കത്തുകൾ അയക്കുകയും രണ്ട് തെളിവെടുപ്പ് യോഗങ്ങൾ ചേരുകയും ചെയ്തിട്ടും ആയത് ലഭ്യമാക്കാൻ 10 വർഷത്തെ കാലതാമസം വരുത്തിയതെന്തുകൊണ്ടാണെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് പ്രസ്തുത കാലതാമസപത്രികയും റിപ്പോർട്ടുകളും 02.12.2023-ൽ സമിതിക്ക് സമർപ്പിച്ചിട്ടുണ്ടെന്നും 2021-22 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും 06.12.2023-ന് ബഹുമാനപ്പെട്ട മന്ത്രിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണെന്നും ആയത് ലഭ്യമായാലുടൻ സമിതിയ്ക്ക് സമർപ്പിക്കുന്നതാണെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയ്ക്ക് ഉറപ്പ് നൽകിയിരുന്നു.

59) തെളിവെടുപ്പ് യോഗത്തിനുശേഷം സ്ഥാപനത്തിന്റെ 2011-12 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ 31.01.2024-നും 2021-22-ലെ വാർഷിക റിപ്പോർട്ട് 15.02.2024-നും സഭയിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് റിപ്പോർട്ടുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. <u>ആയതിനാൽ സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾ നാളിതുവരെ ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്നും ഓഡിറ്റ് എപ്രകാരമാണ് നടത്തുന്നതെന്നും ഏത് വർഷം വരെയുള്ള ഓഡിറ്റ് പൂർത്തീകരിച്ചുവെന്നുമുള്ള വിശദവിവരം അടിയന്തരമായി സമിതിയെ അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

60) <u>സ്ഥാപനത്തിന്റെ കുടിശികയായ ഓഡിറ്റ് റിപ്പോർട്ടുകളും 2022-23 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകളും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u> (2024-25 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ അക്കാദമിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്)

61) നിയമസഭയുടെ പരിച്ഛേദമായ നിയമസഭാ സമിതിയിൽ നിന്നും കാലതാമസപത്രികയും അധിക വിവരവും ആവശ്യപ്പെട്ടുകൊണ്ട് നിരവധി തവണ കത്തുകൾ അയച്ചിട്ടും യാതൊരു മറുപടിയും ലഭ്യമാക്കാതിരിക്കുന്നത് സഭയോടും സമിതിയോടുമുള്ള അവഹേളനമായി കാണുന്നുവെന്നും മേലിൽ ഇത്തരം നടപടി വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടാകരുതെന്നും സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾക്ക് സമയബന്ധിതമായി മറുപടി ലഭ്യമാക്കുവാൻ സെക്രട്ടറി തലത്തിൽ മോണിറ്ററിംഗ് ഉണ്ടാകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**15) മാർഗി**

62) ഭാരതീയ നൃത്തകലകൾ അഭ്യസിപ്പിക്കുന്നതിനായി 1971 മുതൽ തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്ന ഒരു സാംസ്കാരിക സ്ഥാപനമാണ് മാർഗി. കേരളീയ പാരമ്പര്യ കലകളായ കഥകളി, കൂടിയാട്ടം എന്നിവയുടെ സംരക്ഷണവും പ്രചാരണവുമാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം. 1974-ൽ കഥകളി പരിശീലിപ്പിക്കാൻ ഗുരുകുല സമ്പ്രദായത്തിൽ പാഠനക്രമം ഏർപ്പെടുത്തി. കൂടിയാട്ടത്തിന് UNESCO-യുടെ അംഗീകാരം ലഭിക്കുന്നതിൽ മാർഗി വഹിച്ച പങ്ക് വളരെ വലുതാണ്. ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് പ്രകാരമാണ് സ്ഥാപനം രജിസ്റ്റർ ചെയ്തിട്ടുള്ളത്.

63) സ്ഥാപനത്തിന്റെ 2019-20 മുതൽ 2021-22 വരെയുള്ള 3 വർഷത്തെ കുടിശ്ശിക റിപ്പോർട്ടുകൾ എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് റിപ്പോർട്ടുകൾ വകുപ്പിൽ ലഭ്യമായിട്ടുണ്ടെന്നും ആയത് പരിശോധിച്ച് എത്രയുംവേഗം സമിതിക്ക് സമർപ്പിക്കുന്നതാണെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയ്ക്ക് ഉറപ്പ് നൽകിയിരുന്നു.

64) തെളിവെടുപ്പ് യോഗത്തിനുശേഷം സ്ഥാപനത്തിന്റെ 2019-20 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ 15.02.2024-നും 2022-23-ലെ

വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും 08.10.2024-നം സഭയിൽ സമർപ്പിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ 2023-24, 2024-25 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**16) കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ**

65) തിരുവനന്തപുരത്തെ തോന്നയ്ക്കലിൽ സ്ഥിതി ചെയ്യുന്ന കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ, പ്രശസ്ത മലയാള കവിയും സാമൂഹിക പരിഷ്കർത്താവുമായ കുമാരനാശാന് സമർപ്പിച്ചിരിക്കുന്ന ഒരു പ്രമുഖ സ്മാരകമാണ്. 1958-ൽ അദ്ദേഹത്തിന്റെ ജന്മസ്ഥലത്ത് സ്ഥാപിതമായ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ, ഒരു പഠന കേന്ദ്രമായും ലൈബ്രറിയായും വിനോദസഞ്ചാര കേന്ദ്രമായും പ്രവർത്തിക്കുന്നു. 1999-ൽ സ്ഥാപനത്തിന് ദേശീയ പദവി ലഭിച്ചു.

66) 25.09.2019-ലെ തെളിവെടുപ്പ് യോഗത്തിൽ യാതൊരു കുടിശ്ശികയും ഇല്ലാതിരുന്ന സ്ഥാപനത്തിന് നാല് വർഷത്തെ കുടിശ്ശികയുണ്ടായത് എന്തുകൊണ്ടാണെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് സ്ഥാപനത്തിന്റെ 2018-19 മുതലുള്ള വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ എത്രയും വേഗം സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതാണെന്ന് സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയ്ക്ക് ഉറപ്പ് നൽകിയിരുന്നു.

67) എന്നാൽ തെളിവെടുപ്പ് യോഗത്തിന് ശേഷം നാളിതുവരെ പ്രസ്തുത സ്ഥാപനങ്ങളുടെ ഒരു റിപ്പോർട്ട് പോലും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിട്ടില്ല. തെളിവെടുപ്പ് വേളയിലെ സമിതി നിർദ്ദേശം പാലിക്കാത്തത് വകുപ്പിന്റെ ഭാഗത്ത് നിന്നുള്ള ഗുരുതര കൃത്യവിലോപമായി സമിതി കണക്കാക്കുന്നു. സ്ഥാപനത്തിന്റെ 2018-19 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ

ചെയ്യുന്നു.

**17) കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല**

68) കേരളീയ നൃത്തകലകൾ അഭ്യസിപ്പിക്കുന്ന കല്പിത സർവകലാശാലയാണ് കേരള കലാമണ്ഡലം. 1930-ൽ വള്ളത്തോൾ നാരായണ മേനോനും മണക്കുളം മുകുന്ദരാജയും ചേർന്നാണ് തൃശ്ശൂർ ചെറുതുരുത്തിയിൽ കലാമണ്ഡലം സ്ഥാപിച്ചത്. സംസ്ഥാന സർക്കാരിന്റെ സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവന്നിരുന്ന ആർട്സ് അക്കാദമിയായിരുന്ന കലാമണ്ഡലത്തെ 2006 മാർച്ച് 14-ന് കല്പിത സർവ്വകലാശാലയായി സർക്കാർ ഉയർത്തി. കഥകളി, മോഹിനിയാട്ടം, കൂടിയാട്ടം, തുള്ളൽ, ചുട്ടി-ചമയം, മൃദംഗം, മിഴാവ്, കർണാടക സംഗീതം, കേരളീയ വാദ്യങ്ങൾ എന്നിങ്ങനെയുള്ള കലാ വിഷയങ്ങൾ കലാമണ്ഡലത്തിൽ പഠിപ്പിച്ചുവരുന്നു. അതോടൊപ്പം കലാപരിപാടികൾ അവതരിപ്പിക്കാനുള്ള കലാസംഘങ്ങളും കലാമണ്ഡലത്തിന് സ്വന്തമായുണ്ട്.

69) 25.09.2019-ലെ തെളിവെടുപ്പ് യോഗത്തിൽ ശക്തമായ താക്കീത് നൽകിയിട്ടും മൂന്ന് മാസത്തിനുള്ളിൽ ലഭ്യമാക്കാമെന്നറിയിച്ച റിപ്പോർട്ടുകൾ നാല് വർഷങ്ങൾക്ക് ശേഷവും ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്ന് 12.12.2023-ലെ തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് കേരള കലാമണ്ഡലത്തിന് ഒൻപത് വർഷത്തെ റിപ്പോർട്ടുകൾ കുടിശ്ശികയുണ്ടെന്നും 11.12.2023-ലാണ് ഒൻപത് വർഷത്തെ റിപ്പോർട്ടുകളും വകുപ്പിന് സമർപ്പിച്ചതെന്നും പ്രസ്തുത റിപ്പോർട്ടുകൾ പരിശോധിച്ച് ഒരു മാസത്തിനകം സമിതിയ്ക്ക് സമർപ്പിക്കുന്നതാണെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയ്ക്ക് ഉറപ്പ് നൽകിയിരുന്നു.

70) തെളിവെടുപ്പ് യോഗത്തിൽ സമിതിയ്ക്ക് നൽകിയ ഉറപ്പ് പ്രകാരമുള്ള റിപ്പോർട്ടുകൾ ലഭ്യമാക്കാതിരുന്നതിനെ തുടർന്ന് 09.12.2024-ന് സമിതി കേരള കലാമണ്ഡലം സന്ദർശിച്ച് തെളിവെടുപ്പ് നടത്തിയിരുന്നു. എന്നാൽ പ്രസ്തുത സന്ദർശന

തെളിവെടുപ്പ് യോഗം കഴിഞ്ഞ് ആറ് മാസം ആയിട്ടും കുടിശ്ശിക റിപ്പോർട്ടുകൾ ലഭ്യമാക്കാത്തത് സഭയോടുള്ള അനാദരവായി സമിതി കാണുകയും 30.07.2025-ന് വീണ്ടും തെളിവെടുപ്പ് നടത്തുകയും ചെയ്തു. 30.07.2025-ൽ തെളിവെടുപ്പ് യോഗം ചേരാനിരിക്കുന്നത് മുന്നിൽകണ്ട് സ്ഥാപനത്തിന്റെ 2013-14 മുതൽ 2022-23 വരെയുള്ള വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ 29.07.2025-ന് മാത്രമാണ് നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയത്. പ്രസ്തുത റിപ്പോർട്ടുകൾ 09.10.2025-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

71) സാംസ്കാരികകാര്യ വകുപ്പാണോ കലാമണ്ഡലമാണോ റിപ്പോർട്ട് ലഭ്യമാക്കാതിരിക്കുന്നതെന്ന് 30.07.2025-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ആരാഞ്ഞതിന് ഡയറക്ടറേറ്റ് മുഖേനയാണ് സാംസ്കാരികകാര്യ വകുപ്പിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചതെന്നും ഡയറക്ടറേറ്റിൽനിന്നും സാംസ്കാരികകാര്യ വകുപ്പിലേയ്ക്ക് റിപ്പോർട്ടുകൾ ലഭ്യമാക്കിയിട്ടില്ലെന്നാണ് മനസ്സിലാക്കാൻ സാധിച്ചതെന്നും കേരള കലാമണ്ഡലം അസിസ്റ്റന്റ് രജിസ്ട്രാർ സമിതിയെ അറിയിച്ചിരുന്നു. കേരള കലാമണ്ഡലം സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാക്കിയ റിപ്പോർട്ട് വകുപ്പ് മുഖേന സമിതിയ്ക്ക് ലഭ്യമാക്കുന്നതിൽ കാലതാമസമുണ്ടായിരിക്കുകയാണെന്ന് സമിതി വിലയിരുത്തി. തെളിവെടുപ്പ് യോഗത്തിനുശേഷം സാംസ്കാരികകാര്യ വകുപ്പ് ഡയറക്ടറേറ്റിൽപോയി പ്രസ്തുത വിഷയത്തിൽ ഒരു അന്വേഷണം നടത്തിയിരുന്നെങ്കിൽ ഈ പ്രശ്നം ഇതിനുമുമ്പേ പരിഹരിക്കാൻ സാധിക്കുമായിരുന്നുവെന്നും ഇതെല്ലാം ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള നിരുത്തരവാദപരമായ സമീപനത്തെയാണ് സൂചിപ്പിക്കുന്നതെന്നും സമിതി ചൂണ്ടിക്കാട്ടി.

72) സമിതി നിർദ്ദേശം പാലിക്കുന്നതിൽ വകുപ്പിന്റെ ഭാഗത്ത് നിന്നും യാതൊരു നടപടിയും ഉണ്ടാകാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സഭയിൽ സമർപ്പിക്കേണ്ട റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കണമെന്ന്

സാംസ്കാരികകാര്യ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും കർശന നിർദേശം നൽകണമെന്നും റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിലുണ്ടായ കാലതാമസം സംബന്ധിച്ച് വിശകലനം നടത്തി എവിടെയാണ് വീഴ്ച സംഭവിച്ചതെന്ന് കണ്ടെത്തി അത് തിരുത്താനാവശ്യമായ സംവിധാനമുണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

73) സ്ഥാപനത്തിന്റെ 2013-14 മുതൽ 2023-24 വരെയുള്ള വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിട്ടുള്ളൂവെന്നും 2013-14 മുതൽ 2023- 24 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളും 2024-25-ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും 2023-24-ലെ വാർഷിക റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികയും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ജവഹർ ബാലഭവനുകൾ**

74) അനൗപചാരിക വിദ്യാഭ്യാസ പരിപാടികളിലൂടെ ക്രിയാത്മകമായി ചിന്തിക്കാൻ സാധിക്കുക, അതിലൂടെ ആത്മധൈര്യവും ആത്മവിശ്വാസവും ഐക്യതയും കുട്ടികളിൽ വളർത്തിയെടുക്കുകയും അങ്ങനെ ജവഹർലാൽ നെഹ്റു വിഭാവനം ചെയ്ത ഒരു രാഷ്ട്രമായി ഭാരതത്തെ മാറ്റാൻ വരും തലമുറയെ പ്രാപ്തരാക്കുകയാണ് ബാലഭവന്റെ പരമമായ ലക്ഷ്യം. തിരുവനന്തപുരത്ത് കനകക്കുന്ന് കൊട്ടാരത്തിന് സമീപത്താണ് കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ പ്രവർത്തിക്കുന്നത്. തിരുവനന്തപുരത്തിന് പുറമേ കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ എന്നിവിടങ്ങളിൽ ജില്ലാ ജവഹർ ബാലഭവനുകൾ പ്രവർത്തിക്കുന്നുണ്ട്.

75) ആലപ്പുഴ ജവഹർ ബാലഭവൻ ഒഴികെ മറ്റ് നാല് ജവഹർ ബാലഭവനുകളുടെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ രണ്ട് മാസത്തിനകം ലഭ്യമാക്കാമെന്ന് 25.09.2019-ലെ തെളിവെടുപ്പിൽ ഉറപ്പ് നൽകിയിരുന്നുവെങ്കിലും ആയത് നാളിതുവരെ ലഭ്യമാക്കാത്തത് ഗുരുതര കൃത്യവിലോപമായി സമിതി കാണുന്നു. ആയതിനാൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശ്ശൂർ

<u>എന്നിവിടങ്ങളിലെ ജവഹർ ബാലഭവനുകളുടെ കുടിശ്ശികയായ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**18) <u>ജവഹർ ബാലഭവൻ, ആലപ്പുഴ</u>**

76) ആലപ്പുഴ ടൗണിലും സമീപ പഞ്ചായത്തുകളിലുമുള്ള കുട്ടികളുടെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനായി 1974-ൽ ആരംഭിച്ച സ്ഥാപനമാണ് ആലപ്പുഴ ജില്ലാ ജവഹർ ബാലഭവൻ. കേരള സർക്കാരിന്റെയും നാഷണൽ ബാലഭവന്റെയും അംഗീകാരത്തോടെയും സാംസ്കാരിക വകുപ്പിൽ നിന്നുള്ള ധനസഹായത്തോടെയും പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനം ആലപ്പുഴ പട്ടണത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്നു.

77) സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ട് ലഭ്യമാക്കുന്നില്ലെന്ന് തെളിവെടുപ്പ് വേളയിൽ സമിതി അഭിപ്രായപ്പെട്ടതിന് വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ടും ഉൾപ്പെട്ടിട്ടുണ്ടെന്നാണ് പരിശോധിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചതെന്ന് സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി അറിയിച്ചിരുന്നു. വാർഷിക റിപ്പോർട്ടിന്റെകൂടെ ഉൾപ്പെടുത്തിയിരിക്കുന്നത് ഓഡിറ്റ് റിപ്പോർട്ടല്ലെന്നും ആയത് സ്ഥാപനത്തിന്റെ ഓഡിറ്റ് ചെയ്യാത്ത കണക്കുകൾ മാത്രമാണെന്നും ആയത് പരിശോധിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടതനുസരിച്ച് വാർഷിക റിപ്പോർട്ടിന്റെ അനുബന്ധമായി സ്ഥാപനം ലഭ്യമാക്കുന്ന കണക്കിന്റെ ഓഡിറ്റഡ് സ്റ്റേറ്റ്മെന്റ് നൽകണമെന്ന് സ്ഥാപനത്തിന് നിർദ്ദേശം നൽകാമെന്ന് സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകിയിരുന്നു.

78) തെളിവെടുപ്പ് യോഗത്തിനുശേഷം സ്ഥാപനത്തിന്റെ റിപ്പോർട്ടുകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ലായെന്നത് സമിതി ഗൗരവതരമായി കാണുന്നു. <u>സ്ഥാപനത്തിന്റെ 2023-24, 2024-25 എന്നീ വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**19) <u>കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്</u>**

79) സംസ്ഥാനത്തെ വിവിധ കലാ സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സാംസ്കാരിക പ്രവർത്തകർക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനുംവേണ്ടി 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്. 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിലെ വകുപ്പ് 24(1), 24(2) പ്രകാരം സ്ഥാപനത്തിന്റെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കേണ്ടതുണ്ട്.

80) കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ രണ്ട് മാസത്തിനകം ലഭ്യമാക്കാമെന്ന് വകുപ്പ് സെക്രട്ടറി 25.09.2019-ലെ തെളിവെടുപ്പ് യോഗത്തിൽ ഉറപ്പ് നൽകിയിരുന്നുവെങ്കിലും ആയത് നാളിതുവരെ ലഭ്യമാക്കാത്തതിന്റെ കാരണം തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് സ്ഥാപനത്തിന്റെ മൂന്ന് വർഷത്തെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ എത്രയും വേഗം സഭയിൽ സമർപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതാണെന്ന് സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയ്ക്ക് ഉറപ്പ് നൽകിയിരുന്നു.

81) തെളിവെടുപ്പ് യോഗത്തിനുശേഷം സ്ഥാപനത്തിന്റെ 2019-20 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ 31.01.2024-നും 2022-23-ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും 17.09.2025-നും സഭയിൽ സമർപ്പിച്ചിട്ടുണ്ട്. <u>സ്ഥാപനത്തിന്റെ 2023-24, 2024-25 എന്നീ വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ</u>

<u>ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**20) <u>കേരള സ്റ്റേറ്റ് ബുക്ക്മാർക്ക്</u>**

82) വായനയുടെ സംസ്കാരം ജനങ്ങളിൽ വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1995-ൽ കേരള സർക്കാർ രൂപം നൽകിയ പ്രസ്ഥാനമാണ് കേരള സ്റ്റേറ്റ് ബുക്ക്മാർക്ക്. ബുക്ക്മാർക്ക് വില്പന കേന്ദ്രങ്ങളിലൂടെ സംസ്ഥാനത്തുടനീളം പുസ്തകമേളകൾ സംഘടിപ്പിച്ച് വ്യക്തികൾക്കും വിദ്യാലയങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വായനശാലകൾക്കും പുസ്തകങ്ങൾ ആവശ്യാനുസരണം എത്തിച്ച് കൊടുക്കുന്നു. സർക്കാർ സ്ഥാപനങ്ങൾ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുന്ന ഗ്രന്ഥങ്ങളും ഇതര സർക്കാർ പ്രസിദ്ധീകരണങ്ങളും ഇടനിലക്കാരുടെ ചൂഷണ തന്ത്രങ്ങൾക്ക് അടിപ്പെടാതെ ഒരേ കേന്ദ്രത്തിൽ നിന്ന് തന്നെ ജനങ്ങൾക്ക് നേരിട്ട് വാങ്ങുന്നതിനുള്ള ഫലപ്രദമായ സംവിധാനമാണിത്.

83) കേരള സ്റ്റേറ്റ് ബുക്ക്മാർക്കിന്റെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ രണ്ട് മാസത്തിനകം ലഭ്യമാക്കാമെന്ന് വകുപ്പ് സെക്രട്ടറി 25.09.2019-ലെ തെളിവെടുപ്പ് യോഗത്തിൽ ഉറപ്പ് നൽകിയിരുന്നുവെങ്കിലും ആയത് നാളിതുവരെ ലഭ്യമാക്കാത്തതിന്റെ കാരണം തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് സ്ഥാപനത്തിന്റെ കുടിശ്ശിക റിപ്പോർട്ടുകൾ എത്രയും വേഗം സഭയിൽ സമർപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതാണെന്ന് സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയ്ക്ക് ഉറപ്പ് നൽകിയിരുന്നു.

84) തെളിവെടുപ്പ് യോഗത്തിനുശേഷം സ്ഥാപനത്തിന്റെ 2019-20 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ 15.02.2024-നും 2022-23-ലെ വാർഷിക റിപ്പോർട്ട് 11.06.2024-നും സഭയിൽ സമർപ്പിച്ചിട്ടുണ്ട്. <u>സ്ഥാപനത്തിന്റെ 2023-24, 2024-25 എന്നീ വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി</u>

<u>ശിപാർശ ചെയ്യുന്നു.</u>

**21) <u>മലയാളം മിഷൻ</u>**

85) ലോകമെമ്പാടുമുള്ള മലയാളികൾക്ക് മാതൃഭാഷാപഠനത്തിന് അവസരം ലഭ്യമാക്കുന്നതിനും കേരള സംസ്കാരം പരിചയിക്കുന്നതിനുമായി കേരള സർക്കാർ 2009 ജനുവരി 19 ന് രൂപീകരിച്ച സ്വയംഭരണ സ്ഥാപനമാണ് മലയാളം മിഷൻ. ചാരിറ്റബിൾ രജിസ്ട്രേഷൻ ആക്റ്റിന് കീഴിൽ സംഘം ആയാണ് മലയാളം മിഷൻ പ്രവർത്തനം ആരംഭിച്ചത്. ഇതരസംസ്ഥാനങ്ങളിലും വിദേശത്തും നിരവധി പഠനകേന്ദ്രങ്ങൾ മലയാളി സംഘടനകളുമായി ചേർന്നുകൊണ്ട് മലയാളം മിഷൻ നടത്തുന്നു.

86) മലയാളം മിഷന്റെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ രണ്ട് മാസത്തിനകം ലഭ്യമാക്കാമെന്ന് വകുപ്പ് സെക്രട്ടറി 25.09.2019-ലെ തെളിവെടുപ്പ് യോഗത്തിൽ ഉറപ്പ് നൽകിയിരുന്നുവെങ്കിലും ആയത് 2023 ആയിട്ടും ലഭ്യമാക്കാത്തതിന്റെ കാരണം തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് സ്ഥാപനത്തിന്റെ കുടിശ്ശിക റിപ്പോർട്ടുകൾ എത്രയും വേഗം സഭയിൽ സമർപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതാണെന്ന് സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയ്ക്ക് ഉറപ്പ് നൽകിയിരുന്നു.

87) തെളിവെടുപ്പ് യോഗത്തിനുശേഷം സ്ഥാപനത്തിന്റെ 2019-20 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ 15.02.2024-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. <u>സ്ഥാപനത്തിന്റെ 2022-23 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**22) <u>വൈലോപ്പിള്ളി സംസ്കൃതി ഭവൻ</u>** (വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം)

88) കേരളത്തിന്റെ തനത് കലാരൂപങ്ങളുടെയും സാംസ്കാരിക പാരമ്പര്യത്തിന്റെയും ആവിഷ്കാരത്തിനും സംരക്ഷണത്തിനും വേദിയാകുന്നതിനോടൊപ്പം തന്നെ അവയെക്കുറിച്ചുള്ള ഗവേഷണം, രേഖകൾ സൂക്ഷിക്കൽ എന്നിവയ്ക്കും സൗകര്യമൊരുക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുന്ന സാംസ്കാരിക സ്ഥാപനമാണ് വൈലോപ്പിള്ളി സംസ്കൃതിഭവൻ. 1955-ലെ ട്രാവൻകൂർ-കൊച്ചി ലിറ്റററി സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ നന്തൻകോട് ആസ്ഥാനമായി 2001 മുതൽ പ്രവർത്തിച്ച് വരുന്നു. ചട്ടപ്രകാരം സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കേണ്ടതുണ്ട്.

89) സ്ഥാപനത്തിന്റെ 2022-23-ലെ വാർഷിക റിപ്പോർട്ട് 31.01.2024-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. <u>സ്ഥാപനത്തിന്റെ 2023-24, 2024-25 എന്നീ വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**23) <u>കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്</u>**

90) കേരളത്തിലെ വൈജ്ഞാനിക പുസ്തക പ്രസിദ്ധീകരണരംഗത്തെ ഒരു സ്വയംഭരണ സ്ഥാപനമാണ് സാംസ്കാരിക വകുപ്പിനുകീഴിൽ പ്രവർത്തിച്ച് വരുന്ന കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. 1968-ൽ സ്ഥാപിതമായത് മുതൽ ശാസ്ത്രം, സാങ്കേതികശാസ്ത്രം, മാനവിക വിഷയങ്ങൾ, ഭാഷ, സാഹിത്യം എന്നീ മേഖലകളിലായി അയ്യായിരത്തോളം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച ഭാഷാ

ഇൻസ്റ്റിറ്റ്യൂട്ട് ഉന്നതവിദ്യാഭ്യാസ മേഖലയ്ക്കും പൊതുവായനയ്ക്കും വേണ്ടി മികച്ച പുസ്തകങ്ങൾ തയാറാക്കിക്കൊണ്ട് കേരളത്തിലെ അക്കാദമിക-ബൗദ്ധിക മേഖലകളിലെ സജീവ സാന്നിധ്യമായിത്തീർന്നു.

91) സ്ഥാപനത്തിന്റെ 2022-23-ലെ വാർഷിക റിപ്പോർട്ട് 31.01.2024-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ 2023-24, 2024-25 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

92) സ്ഥാപനത്തിന്റെ കണക്കുകൾ എപ്രകാരമാണ് ഓഡിറ്റ് ചെയ്യുന്നതെന്നും ഏത് വർഷം വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കിയെന്നും ഓഡിറ്റ് റിപ്പോർട്ടുകൾ സമർപ്പിക്കാത്തത് എന്തുകൊണ്ടാണെന്നുമുള്ള വിശദവിവരം അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## പൊതു ശിപാർശകളും നിർദ്ദേശങ്ങളും

93) സാംസ്കാരികകാര്യ വകുപ്പിന് കീഴിലുള്ള ഏതൊക്കെ സ്ഥാപനങ്ങളാണ് സഭയിൽ റിപ്പോർട്ട് സമർപ്പിക്കാൻ ബാധ്യസ്ഥരെന്നും പ്രസ്തുത സ്ഥാപനങ്ങൾ ഏത് ആക്റ്റ് പ്രകാരമാണ് റിപ്പോർട്ട് സമർപ്പിക്കുന്നതെന്നും സംബന്ധിച്ച് വിശദവിവരം സമിതിയിൽ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

94) വാർഷിക റിപ്പോർട്ടിൽ എന്തെല്ലാം വിവരങ്ങൾ ഉൾപ്പെടുത്തണമെന്നും ഓഡിറ്റ് റിപ്പോർട്ട് എന്തായിരിക്കണമെന്നും കൃത്യമായി നിർവ്വചിച്ച് സ്ഥാപനങ്ങൾക്ക് നൽകേണ്ടതും പ്രസ്തുത വ്യവസ്ഥകൾക്കനുസൃതമാണോ ഇവ തയ്യാറാക്കിയിരിക്കുന്നതെന്നും ബന്ധപ്പെട്ട ഭരണ വകുപ്പ് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുണ്ട്. അതിനാൽ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന റിപ്പോർട്ടിലെ ഉള്ളടക്കവും റിപ്പോർട്ടിന്റെ പുറംചട്ടയിലെ രേഖപ്പെടുത്തലും ഒന്നുതന്നെയാണെന്ന്

ഉറപ്പ് വരുത്തേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പിന്റെ ചുമതലയാണെന്നും ഇത് പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

95) കൃത്യമായ സമയക്രമം പാലിക്കാതെ വർഷങ്ങൾക്ക് ശേഷം റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുമ്പോൾ അതിന്റെ പ്രസക്തി നഷ്ടപ്പെടുകയാണെന്നും അതിനാൽ കുടിശ്ശിക റിപ്പോർട്ടുകൾ ഒന്നിച്ച് സമർപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കണമെന്നും വാർഷിക റിപ്പോർട്ടുകളും ഓഡിറ്റ് റിപ്പോർട്ടുകളും നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ സഭയിൽ സമർപ്പിക്കുവാൻ ഓരോ സ്ഥാപനവും ശ്രദ്ധിക്കണമെന്നും വകുപ്പ് ഇതിനാവശ്യമായ കർശന നിർദ്ദേശം സ്ഥാപനങ്ങൾക്ക് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

96) കുടിശ്ശിക റിപ്പോർട്ടുകൾക്കൊപ്പം ഹാജരാക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റുകൾ ധനകാര്യ വകുപ്പിന്റെ 21.12.2013-ലെ 105/2013/ധന. നമ്പർ സർക്കുലർ (അനുബന്ധം-1) പ്രകാരമുള്ളതായിരിക്കണമെന്നും ഏതൊക്കെ ഘട്ടങ്ങളിലാണ് കാലതാമസം വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുന്ന രീതിയിൽ കാലതാമസപത്രിക തയ്യാറാക്കി സഭ മുൻപാകെ സമർപ്പിക്കണമെന്നും നിസ്സാര കാരണങ്ങൾ ചൂണ്ടിക്കാട്ടി കാലതാമസപത്രിക സമർപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കണമെന്നും സമിതി നിർദേശിക്കുന്നു.

97) സമിതി റിപ്പോർട്ടുകളുടെ നടപടി സ്റ്റേറ്റ്മെന്റുകൾ അതത് സമിതിയുടെ കാലയളവിൽ തന്നെ ലഭ്യമാക്കണമെന്ന ചീഫ് സെക്രട്ടറിയുടെ 18.12.2013-ലെ പിഎഡിബി 1/77/2023/പിഎഡി നമ്പർ സർക്കുലർ (അനുബന്ധം-2) നിർദ്ദേശം കർശനമായി പാലിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശ്രീ. പി. സി. വിഷ്ണുനാഥ്,**
ചെയർപേഴ്സൺ,
മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

തിരുവനന്തപുരം
23 ഫെബ്രുവരി 2026